# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 82** — **12.06.2013-ലെ മറുപടിക്ക്**

## സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ :<br>ശ്രീ. റ്റി. വി. രാജേഷ് :<br>ശ്രീ. എ. പ്രദീപ്കുമാർ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനുമായി സർക്കാർ ഒപ്പുവച്ച കരാറിലെ വ്യവസ്ഥകൾ അറിയിക്കാമോ; | (എ) കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ 2013-14 അദ്ധ്യയന വർഷത്തെ മെഡിക്കൽ പ്രവേശനം സംബന്ധിച്ച് 25.5.2013-ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയും ഫെഡറേഷന്റെ പ്രതിനിധിയുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. പ്രസ്തുത കരാറിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| (ബി) കേന്ദ്രസർക്കാർ അംഗീകാരത്തോടെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ 2012 ഫെബ്രുവരിയിൽ വിജ്ഞാപനം ചെയ്ത റഗുലേഷൻ ഓൺ ഗ്രാജ്വേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ പ്രകാരം മെഡിക്കൽ ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശന മാനദണ്ഡം എന്തെന്ന് അറിയിക്കാമോ ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) 2012 ഫെബ്രുവരി 15-ാം തീയതിയിലെ റഗുലേഷൻ ഓൺ ഗ്രാജുവേറ്റ് മെഡിക്കൽ എജ്യൂക്കേഷൻ (ഭേദഗതി) 2012 (ഭാഗം-I) പ്രകാരം എം.ബി.ബി.എസ്. കോഴ്സിനുള്ള കുറഞ്ഞ യോഗ്യത താഴെ പറയും പ്രകാരമാണ്.<br>1) നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (നീറ്റ്) - 50 പെർസന്റൈൽ മാർക്ക്. ഇത് യഥാക്രമം പട്ടികജാതി, പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർക്ക് 40 ഉം വികലാംഗർക്ക് 45 ഉം പെർസന്റൈലാണ്.<br>2) ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ ബയോടെക്നോളജി, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ യോഗ്യതാ പരീക്ഷ പാസ്സായിരിക്കുകയും ഫിസിക്സ് കെമിസ്ട്രി, ബയോളജി/ബയോടെക് നോളജി എന്നീ വിഷയങ്ങളിൽ |

**(P.T.O.)**

പ്രത്യേകം 50 ശതമാനം മാർക്ക് വീതം വാങ്ങിയിരിക്കുകയും വേണം. ഇത് യഥാക്രമം പട്ടികജാതി, പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർക്ക് 40 ശതമാനവും വികലാംഗർക്ക്

45 ശതമാനവുമാണ്. (പകർപ്പ് അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.)

(സി) ഈ നിയമത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത ഫെഡറേഷനുമായി ഒപ്പിട്ട കരാർ മുഖാന്തിരം കേരള സമൂഹത്തിനുണ്ടായ നേട്ടം വ്യക്തമാക്കാമോ ;

(സി) ഫെഡറേഷന് കീഴിലുള്ള കോളേജുകളിലെ 35 ശതമാനം സീറ്റുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ വിദ്യാർത്ഥികൾക്ക് കോർ വിഷയങ്ങളിൽ നേടിയ മാർക്കിന്റേയും പ്രവേശന പരീക്ഷയ്ക്ക് നേടിയ മാർക്കിന്റേയും അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്.

(ഡി) കഴിഞ്ഞ വർഷത്തെ കരാറുമായി താരതമ്യപ്പെടുത്തിയാൽ ഈ വർഷത്തെ കരാറുകൊണ്ട് വിദ്യാർത്ഥികൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ?

(ഡി) കഴിഞ്ഞ അദ്ധ്യയന വർഷം ഫെഡറേഷനുമായി ഏർപ്പെട്ട കരാറിലെ വ്യവസ്ഥകളിൽനിന്ന് വന്നിരിക്കുന്ന ശ്രദ്ധേയമായ മാറ്റം ഫീസ് ഘടനയിലുണ്ടായ നേരിയ വർദ്ധന മാത്രമാണ്. കഴിഞ്ഞ വർഷത്തേതുപോലെ തന്നെ ഫെഡറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ മൊത്തം സീറ്റിന്റെ 50% ത്തിൽ സർക്കാർ മെരിറ്റിൽ നിന്നുള്ള വിദ്യാർത്ഥികളെ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും പ്രവേശിപ്പിക്കാനും പ്രസ്തുത സീറ്റുകളിൽ പ്രവേശനം നേടുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിലേക്കായി ഒരു സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കുന്നതിനായി കൗൺസിലിന്റെ കീഴിലുള്ള മെഡിക്കൽ, ദന്തൽ കോളേജുകൾ യഥാക്രമം 40 ലക്ഷം രൂപ, 14 ലക്ഷം രൂപ എന്നീ നിരക്കിൽ നൽകണമെന്നും ഈ വർഷം ഒപ്പുവച്ച കരാറിലും വ്യവസ്ഥ ഉണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്